1

ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം

സമഗ്രഗുണമേന്മാപദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025
## ക്ലാസ് ഒന്ന്

സ്കൂൾ: ..എം. ആർ. എസ്. എൻ. ബി. വി.........
...ജി. എച്ച്. എസ്. എസ്. ...വായ്പ്പൂര്..
.........................മല്ലപ്പള്ളി.................ഉപജില്ല

ക്ലാസ് അധ്യാപിക: ..ബുഷ്റ. എം. നാസർ..........
ഫോൺനമ്പർ: .....9562679929...................

**ആമുഖം**

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രിതന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതിപ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷികപരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യായദിനങ്ങൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തരവിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ് പി ടി എയിൽ ചർച്ച ചെയ്യുന്നതിനും സഹായകം ഇതാണ്.

**അവസ്ഥാവിശകലനം**

*കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ*

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ ( ....ഡിവിഷനിൽ) .......കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവർ.......പേരാണ്. അതിഥിത്തൊഴിലാളികളായ രക്ഷിതാക്കളുടെ മക്കൾ .................. ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരായി .............കുട്ടികളുണ്ട്. ഗോത്രവിഭാഗത്തിൽപ്പെട്ടവർ..................

പ്രവേശനപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് അഞ്ച് വയസായ.................. കുട്ടികളും ആറ് വയസ്സായ .............കുട്ടികളും ഒന്നാം ക്ലാസിലുണ്ട്.

*മുൻ വർഷത്തെ പ്രധാന നേട്ടങ്ങൾ*

1.

2

3

4

5

*നേരിട്ട പ്രശ്നങ്ങൾ*

1.

2

3

4

s

**വാർഷിക ലക്ഷ്യങ്ങൾ ( മലയാളം)**

1. ചെറുസദസ്സിനു മുമ്പാകെ സഭാകമ്പമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക
ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക
2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക
3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക
4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക
5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക
6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക
7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക
8. ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക

വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ അനിവാര്യമാണ് എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന രീതിയാണ് പിന്തുടരുന്നത്.

**ജൂൺ മാസത്തെ പ്രധാനലക്ഷ്യങ്ങൾ**

1. പൂർണപങ്കാളിത്തമുള്ള ക്ലാസ് പി ടി എ ഉറപ്പാക്കുക
2. എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.
3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചുകേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക
4. വായിച്ചുകേട്ട കഥ ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക
5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന ( വീട്ടിലും ക്ലാസിലും)
6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക
7. ഓരോ കുട്ടിയെയും പ്രധാനപഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക
8. പ്രതിമാസ ഡിജിറ്റൽ പോർട്ട് ഫോളിയോ ക്യു ആർ കോഡിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക
9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക
10. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

**ജൂൺ മാസ പ്രവർത്തനങ്ങൾ**

1. പൂർണ്ണപങ്കാളിത്ത ക്ലാസ് പി ടി എ
2. വായനോത്സവവും കഥാവേളയും
3. ഒന്നൊരുക്കം ( സന്നദ്ധതാ പ്രവർത്തനങ്ങൾ)
4. വായനക്കാർഡുകൾ
5. ....................
6. സംയുക്ത വിലയിരുത്തൽ

ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യങ്ങളും ഉപപ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുടർന്ന് നൽകുന്നു.

Downloaded from: https://textbooksall.blogspot.com/

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ. | മദർ പി.ടി.എ. |

BioVision

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

# ഗണിതം:- മാസ്റ്റർ പ്ലാൻ

## ആമുഖം:-

- ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വന്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചുവരുന്നവരാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. ആയതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന ഇൽമ പദ്ധതി രൂപ കല്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് കഴിയേണ്ടത് ആവശ്യമാണ്.

## ലക്ഷ്യങ്ങൾ:-

- മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.
- ഗണിത പഠനം ഉല്ലാസപ്രദവും രസകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.
- സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേ യുള്ളവരാക്കി, മാറ്റുക., ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന

## പ്രവർത്തന പദ്ധതികൾ

* ജൂൺ
  - ഗണിത വിജയം കളികൾ
  - സംഖ്യകൾ എഴുതിയ റബ്ബർ കുട്ടികൾക്ക് നൽകുന്നു (ഓരോരു
  - കിട്ടിയ സംഖ്യ വായിക്കുന്നു.
  - മുമ്പുള്ള പിൻ സംഖ്യ എഴുതുന്നു
  - തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാനവസരം
  - ആരോഹണ, അവരോഹണത്തിൽ പറയുന്നു, എഴുതു

ജൂലായ്:-

- ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു

- സ്ഥാനമൂല്യമുള്ള സംഖ്യകൾ എഴുതുന്നു (10 മുതൽ)
- ഇവയെ കട്ടകളോട് ഉപയോഗിച്ച് 1, 10, 100, എന്ന കൂട്ടങ്ങളാക്കി മാറ്റുന്നു
- ഓരോ അക്കവും ഏതു രീതിയിൽ സംഖ്യ എഴുതാം (ഉദാ)
- ഗ്രൂപ്പിൽ B.Bയിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു

→ ഓഗസ്റ്റ്:-

- സംഖ്യകളെ ആരോഹണത്തിൽ ക്രമീകരിക്കുന്നു.
- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യനിർമ്മിക്കുന്നു.
- 100 വീതം കൂട്ടി 1000 വരെ പറയുന്നു

→ സെപ്റ്റംബർ:-

- സംഖ്യ, ചക്രം എന്നി 2 സംഖ്യകൾ തെരഞ്ഞെടുക്കാൻ
- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം എന്നിവ കണ്ടെത്തുന്നു.
- ക്രിയ ചെയ്യുന്നു.

→ ഒക്ടോബർ:-

- ഗണിത വിജയം കളികൾ (തുടർച്ച)
- അദ്ധ്യാപിക B.Bയിൽ സംഖ്യ എഴുതുന്നു
- വിവിധ ക്രിയകൾ അടങ്ങിയ നമ്പറുകൾ കുട്ടികൾക്ക് നൽകൽ.
- ക്രിയ ചെയ്ത് അവരുടെ ഉത്തരമാണ് B.Bയിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.

→ നവംബർ:-

- വിവിധ ക്രിയകൾ അടങ്ങിയ ചതുര ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾക്ക് സംഖ്യാ നമ്പറുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു
- കിട്ടിയ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം കണ്ടെത്തി ഒട്ടിക്കുന്നു.

**+ ഡിസംബർ :-**

- വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത തേടുന്നു
- ഗണിതോത്സവ സംഘടിപ്പിക്കുന്ന മത്സരങ്ങൾ
- തെറ്റുകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉണ്ടാക്കൽ
- ഗണിത മേളകളിൽ പങ്കെടുക്കുന്നു.

**+ ജനുവരി :-**

- ചന്ത ഒരുക്കൽ (ക്ലാസിൽ)
- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ etc. ഇവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു
- ഇതിനോട് ഉപയോഗപ്പെടുത്തി ചോദ്യങ്ങൾ ചോദിക്കുന്നു.
- സാധനം വാങ്ങുകയും പണം കൊടുക്കുകയും ചെയ്യുകയും ചെയ്യുന്നു
- പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു.

**+ ഫെബ്രുവരി :-**

- പ്രായോഗിക പ്രശ്ന പരിഹാരണം നടത്തുന്നു
- ത്രാസ്, അളവ് പാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം

**+ മാർച്ച് :-**

- ഗണിത വിജയ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തൽ
- CPTA നടത്തുന്നു.
- മികവുകൾ, പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു

Downloaded from: https://textbooksall.blogspot.com/



# ഗണിതം (Std IV)

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണനിർമ്മാണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ദിവസവും - തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

| ഉപമേഖല: ഇംഗ്ലീഷ്<br>പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| വിവിധ ശേഷി കളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാച രണങ്ങൾ പഠനപ്ര വർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

| ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| ജനാധിപത്യമൂ ല്യങ്ങൾ വളർത്തിയെടു ക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപ യോഗിച്ചുള്ള വോട്ടെ ടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം | | | |
| | തുടർന്ന് മോക്ക് പാർലിമെന്റ് സംഘ ടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപ കർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

| ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യ ക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുട ങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ യിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിത രണം. | ആഴ്ചയിൽ 1 തവണ | - | - |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ജ്വാല



## എം.ആർ.എസ്.എൽ.
## ബി.വി. ഗവ.എച്ച്.എസ്.എസ്.
## വായ്പൂർ

| | | |
|---|---|---|
| ഉപജില്ല | - | മല്ലപ്പള്ളി |
| വിദ്യാഭ്യാസ ജില്ല | - | തിരുവല്ല |
| ജില്ല | - | പത്തനംതിട്ട |

**10 – 06 – 2025**

# ഉള്ളടക്കം

1 ആമുഖം

- ചരിത്രം
- വിദ്യാലയ കാഴ്ചപ്പാട്
- ലക്ഷ്യങ്ങൾ/ പൊതുലക്ഷ്യങ്ങൾ
- പഴയത് പുനര അവലോകനം നടത്തിയത്
- പുനര അവലോകനം - സ്ഥിതിവിവര കണക്ക്
    - ജീവനക്കാരുടെ എണ്ണം
    - കുട്ടികളുടെ എണ്ണം
    - മികവുകൾ
        - അക്കാദമിക
        - മറ്റ് നേട്ടങ്ങൾ

2 അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

മേഖലകൾ

ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം

1 പാഠ്യപദ്ധതി വിനിമയം

2. പഠനാ അന്തരീക്ഷം

3. അധ്യാപകർ

4 ഭൗതിക സാഹചര്യം

5. സാമൂഹ്യ ഇടപെടലുകൾ

3. വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ

4. പ്രശ്നങ്ങളും അവയുടെ കാരണങ്ങളും പരിഹാരങ്ങളും

5. ഹൃസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ

6. നടപ്പിലാക്കാനുള്ള പദ്ധതി

7. പ്രവർത്തന കലണ്ടർ

8. ഉപസംഹാരം

# ആമുഖം

## ചരിത്രം

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മേഖലയായ ആനിക്കാട് പഞ്ചായത്തിന്റെ ഭാഗമായ വായ്പൂർ എന്ന പ്രകൃതിരമണീയമായ ഒരു കൊച്ചു ഗ്രാമം പ്രസിദ്ധമായ മണിമലയാർ അതിരിടുന്ന മല്ലപ്പള്ളി താലൂക്കിലാണ് സ്ഥിതി ചെയ്യുന്നത്. മഹാറാണി സേതുലക്ഷമിഭായിയുടെ പേരിലുള്ള എം.ആർ.എസ്. എൽ.ബി. ഗവൺമെൻറ് എച്ച്.എസ്.എസ്., വായ്പൂർ 120 ൽ അധികം വർഷങ്ങളുടെ പാരമ്പര്യവുമായി വായ്പൂർ എന്ന മനോഹര പ്രദേശത്ത് നിലകൊള്ളുന്നു 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഈ സ്ഥാപനം പ്രവർത്തനം തുടങ്ങുകയും മഹാറാണി സേതു ലക്ഷ്മിഭായിയുടെ കാലത്ത് സാർവത്രിക വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാരിലേക്ക് ഏറ്റെടുക്കുകയും തുടർന്ന് മഹാറാണി സേതുലക്ഷ്മി ഭായി വിലാസം സ്കൂൾ എന്നറിയപ്പെടുകയും ചെയ്തു. 1-6-1902 എൽ.പി. സ്കൂൾ ആയിരുന്നു. പ്രൈമറി ക്ലാസുകൾ മാത്രമായി ആരംഭിച്ച ഈ വിദ്യാലയം 1950 കളിൽ യു.പി. സ്കൂളിലായി മാറി 1986 ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുന്നു. 2004 ൽ ഹയർ സെക്കൻഡറി അനുവദിച്ചു ,കിട്ടി. സയൻസ്, കൊമേഴ്സ് ബാച്ചുകൾ പ്രവർത്തിക്കുന്നു. ആനിക്കാട് പഞ്ചായത്തിലെ ഏക സർക്കാർ സ്കൂൾ ആണിത്. മണിമലയാറിന്റെ സാമീപ്യവും പഴക്കമേറിയ കെട്ടിടങ്ങളും കൂറ്റൻ മരങ്ങളും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും പ്രാദേശികമായ ഭൂമിയുടെ കിടപ്പും കൊണ്ട് പൂർണ്ണ സുരക്ഷിതത്വം ഈ വിദ്യാലയത്തിന് അവകാശപ്പെടാൻ ആവില്ല. എങ്കിലും സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഈ വിദ്യാലയം എസ്എസ്എൽസിക്ക് 100% വിജയം നേടിക്കൊണ്ട് നാടിന്റെ തിലകക്കുറിയായി പ്രശോഭിക്കുന്നു. സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ ഫലമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു പൊതു വിദ്യാലയങ്ങളിലേക്ക് ധാരാളം കുട്ടികൾ പുതുതായി വന്നുചേർന്നു. അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും പല വിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾക്ക് അനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി നല്ല മാതൃകകൾ സൃഷ്ടിക്കുകയും ചെയ്തു. പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് നമ്മുടെ വിദ്യാലയം ഏതുതരത്തിലായി തീരണമെന്ന് വിഭാവനം ചെയ്യണം ഇതിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ സ്കൂൾതലത്തിൽ ചർച്ച ചെയ്തു കണ്ടെത്തുകയും പരിഹാര പ്രവർത്തനങ്ങൾ തയ്യാറാക്കുകയും ചെയ്തുകൊണ്ട് വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാനാണ് എം. ആർ. എസ്. എൽ. ബി ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ പൊതുസമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്നത്. വരുന്ന അഞ്ചുവർഷത്തെ വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

# വിദ്യാലയ കാഴ്ചപ്പാട്

മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിന് ഓരോ വ്യക്തിയെയും പ്രാപ്തനാക്കുന്നതായിരിക്കണം വിദ്യാഭ്യാസം. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഫലമായി വിദ്യാഭ്യാസ രംഗത്ത് അപൂർവമായി ഉണർവ്വ ഉണ്ടായി ഗുണമേന്മയുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്ന തുല്യത ഉള്ളതുമായ വിദ്യാഭ്യാസം നൽകണം. വിദ്യാലയം കുട്ടികളുടെ ശാരീരികവും, ബൗദ്ധികവും മാനസികവുമായ കഴിവുകളുടെ സമ്പൂർണ്ണവും സമഗ്രവുമായ വികസനത്തിന് വേദിയാവണം പഠനം പ്രകൃതിയോട് ചേർന്ന് ജീവിതഗന്ധി ആയിരിക്കണം വിദ്യാർത്ഥി കേന്ദ്രീകൃത പഠന രീതി തുടരും അത് പ്രക്രിയ ബന്ധിതവും പ്രവർത്തനോന്മുഖവും മൂല്യ അധിഷ്ഠിതവും ആയിരിക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പ്രാധാന്യം കൊടുത്തുള്ള പഠന അവസരങ്ങൾ സൃഷ്ടിക്കും. പാർശ്വവൽക്കരിക്കപ്പെടുതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമി നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യും പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെയും സമൂഹത്തിന്റെയും പിന്തുണ ഉറപ്പാക്കും ഉൾച്ചേരൽ വിദ്യാഭ്യാസ പ്രാധാന്യം നൽകും. മാറിയ ഹൈടെക് യുഗത്തിൽ വിദ്യാലയവും ക്ലാസ് മുറികളും ഹൈടെക് ആകണം ശ്രവ്യ-ദൃശ്യ സാധ്യതകളുടെ അനന്തതയിലേക്ക് കുട്ടികളെ കൂട്ടിക്കൊണ്ടു പോകാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ലഭിക്കണം. കേരളത്തിലെ ഓരോ വിദ്യാർത്ഥികളും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠന അന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാക്കുന്നു അറിവ് ഗ്രഹിക്കുന്നതിനും അത് പ്രയോഗിക്കുന്നതിനുള്ള കുട്ടിയുടെ കഴിവിന്റെ സമഗ്രവും നിരന്തരവുമായ വിലയിരുത്തിലുണ്ടാവും ഇതിൽ കുട്ടിയുടെ സ്വയം വിലയിരുത്താൻ പരസ്പര വിലയിരുത്തൽ അധ്യാപകന്റെ വിലയിരുത്തൽ അധ്യാപകന്റെ സ്വയം വിലയിരുത്തൽ മാതാപിതാക്കളുടെ വിലയിരുത്തൽ സമൂഹത്തിന്റെയും വിദ്യാലയത്തിന്റെയും വിലയിരുത്തൽ ഉൾപ്പെടും. അറിവ് ഏത് വിഷയത്തിൽ ആണെങ്കിലും നേടിയ അറിവിനെ അഥവാ സ്വന്തമായുള്ള അറിവിനെ പ്രകടിപ്പിക്കാൻ ഭാഷയുടെ വിവിധ വശങ്ങളിലുള്ള ജ്ഞാനം അഭികാമ്യമാണ് ഹിന്ദി, ഇംഗ്ലീഷ്, മലയാളം ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കും. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തി ഗവേഷണ താൽപര്യത്തെ പ്രോത്സാഹിപ്പിക്കും വിവിധ മേഖലകളിലെ ടാലന്റ് ലാബുകൾ കണ്ടെത്തുകയും ആവശ്യമായ പ്രോത്സാഹന പിന്തുണകൾ നൽകുകയും ചെയ്യും. എല്ലാ ക്ലാസുകളിലും വർഷത്തിലൊരിക്കൽ ശാസ്ത്രഗവേഷണ പ്രോജക്ട് ഉണ്ടാകും.

പൊതു വിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനുള്ള ആദ്യപടിയായി പ്രീ പ്രൈമറി ക്ലാസുകളെ ശക്തിപ്പെടുത്തും അടിസ്ഥാന ഗണിത ആശയങ്ങൾ ഉറച്ച വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്ന ഒരു വിദ്യാലയമായി ഇത് മാറും പഠനോപകരണങ്ങൾ ക്ലാസുകൾക്ക് അനുയോജ്യമാംവിധം ക്രമീകരിച്ചതും പഠനാന്തരീക്ഷം കൂടുതൽ ഹൃദ്യവും ആസ്വാദ്യകരവും ആക്കും ചരിത്രബോധമുള്ള പൗരസൃഷ്ടിയിൽ ഏർപ്പെടും. പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കുകയും ചരിത്രം നിർമ്മാണ സാമഗ്രികൾ ശേഖരിക്കുകയും ചെയ്യും ചരിത്ര പഠന പ്രവർത്തനങ്ങളിലൂടെ ഒരു ചരിത്രമ്യൂസിയം യാഥാർത്ഥ്യമാക്കും. നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കാനുള്ള ശ്രമത്തിൽ വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. കാലത്തിന്റെ ആവശ്യങ്ങൾക്കനുസരണമായ അധ്യാപക വിദ്യാലയ ശാക്തീകരണം പ്രവർത്തനങ്ങളിൽ പങ്കാളികളാവും.

# ലക്ഷ്യങ്ങൾ

ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമായിരിക്കും വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്ത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്കും പുറമേ കലാകായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി ലൈബ്രറി കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. വിദ്യലയത്തിലെ വിഭവങ്ങൾ കളി ഉപകരണങ്ങൾ, ഉദ്യാനം, മൈതാനം എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിന് ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു. ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ഓരോ വിദ്യാർത്ഥിയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണ നിലവാരം ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ഉയർന്ന നിലവാരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നു പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും വേണം.

# കുട്ടികളുടെ എണ്ണം

| STD | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| I | - | 1 | 2 |
| II | 2 | 1 | 3 |
| III | 2 | 5 | 7 |
| IV | 4 | 0 | 4 |
| V | 3 | 3 | 6 |
| VI | 4 | 1 | 5 |
| VII | 4 | 1 | 5 |
| VIII | 1 | 3 | 4 |
| IX | 1 | 1 | 2 |
| X | 3 | 2 | 5 |
| Total | | | 42 |

# ജീവനക്കാരുടെ എണ്ണം

| | |
|---|---|
| പ്രിൻസിപ്പാൾ | – 1 |
| ഹെഡ്മാസ്റ്റർ | – 1 |

| അദ്ധ്യാപകർ | സ്ഥിരം | താൽക്കാലികം | ആകെ |
|---|---|---|---|
| പ്രൈമറി അദ്ധ്യാപകർ എൽ.പി. | 4 | 0 | 4 |
| അപ്പർ പ്രൈമറി അദ്ധ്യാപകർ യു.പി. | 2 | 1 | 3. |
| ഹൈസ്കൂൾ അദ്ധ്യാപകർ | 3 | 2 | 5. |
| HSST സീനിയർ | ~~6~~ 3 | – 4 | 7 ~~8~~ |
| HSST ജൂനിയർ | 3 | 2 | 5 |
| ക്ലർക്ക് | 1 | – | 1 |
| ലാബ് അസ്സിസ്റ്റന്റ് | 2 | – | 2 |
| OA | 2 | | 2 |
| FTCM സ്വീപ്പർ | 1 | – | 1 |
| ആകെ | 22 | 9 | ~~25~~ 30 |

## അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം – അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം – ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് – ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം – സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ്പ്

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ

32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു | ശനിയാഴ്ചകൾ, ക്ലാസ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |



59

## മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവത്ക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |



84 90

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

## Learn Math, Live Math, Love Math

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

92

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യജോഡികൾ, ബ്രിഡ്ജ്–ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണപരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രനിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

# ഉപമേഖല : കൗൺസിലിങ്ങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ. | •ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>•ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ്. | കൗൺസിലിങ്ങ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി പോഷിപ്പിക്കൽ. | •കുട്ടികളുടെ സർഗ വാസനകൾ കണ്ടെത്തുകയും അവ പരി പോഷിപ്പിക്കുകയും ചെയ്യുക.<br>•സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപകർ, എസ്.ആർ.ജി | 2019 ജൂൺ മുതൽ 2 വർഷം | പി.ടി.എ. 1,00,000/- |

# ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ.<br>•കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളി വോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയ തല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ.,<br>ഡെ ബോർഡിംഗ് സ്കീം |

# ഉപമേഖല : സ്വയം പ്രതിരോധശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് കരാട്ടേ, തെയ്ക്കോണ്ടോ, കളരി തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ. | കായികാധ്യാപകൻ | ആഴ്ചയിൽ 3 ദിവസം 1 വർഷം | പി.ടി.എ.<br>20,000/- |

# ഭിന്നശേഷി സൗഹൃദ വിദ്യാലയം

മാസ്റ്റർ പ്രവർത്തനങ്ങൾ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രാധാന്യവും പ്രാതിനിധ്യവും നൽകുന്നതായിരിക്കും. ആശയങ്ങളുടെ അനുരൂപീകരണം നടത്തി പ്രവർത്തനങ്ങൾ നൽകും. **IEDC** പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന അധ്യാപികയുടെ സേവനം പ്രയോജനപ്പെടുത്തും.

**മോണിറ്ററിംഗ് സമിതികൾ**

സംസ്ഥാനതല മോണിറ്ററിംഗ്

ജില്ലാതല മോണിറ്ററിംഗ്

ഉപജില്ലാതല മോണിറ്ററിംഗ്

പഞ്ചായത്ത് തല മോണിറ്ററിംഗ്

സ്കൂൾതല മോണിറ്ററിംഗ്

**സ്കൂൾ തലം - മോണിറ്ററിംഗ് സമിതി അംഗങ്ങൾ**

പിടിഎ/എസ്.എം.സി. പ്രസിഡൻറ് /എം.പി.ടി.എ./

വാർഡ് മെമ്പർ/കൗൺസിലർ

അക്കാദമിക വിദഗ്ധൻ

എച്ച്.എം/പ്രിൻസിപ്പൽ

അധ്യാപക പ്രതിനിധികൾ( എൽ. പി,യു. പി, എച്ച് എസ്, എച്ച് എസ്, എസ്

പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാർത്ഥി പ്രതിനിധികൾ

# ഉപസംഹാരം

നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാൻ കൂട്ടായ ചർച്ചയും പ്രയത്നങ്ങളും ആവശ്യമാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ വിദ്യാഭ്യാസം കൊണ്ട് കഴിയണം സാമൂഹിക പ്രതിബദ്ധതയുള്ള ധാർമിക മൂല്യങ്ങളിൽ അടിയുറച്ച് നിൽക്കുന്ന ഒരു നവ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ നമ്മുടെ പ്രവർത്തനങ്ങൾ ഹേതുമാകട്ടെ വിദ്യാർഥി സൗഹൃദ അധ്യാപക സൗഹൃദ അന്തരീക്ഷം വളർത്തി കലാലയ മുത്തശ്ശിയെ മികവുറ്റതാക്കാൻ നമുക്ക് കഴിയട്ടെ.